ഭരണഭാഷ മാതൃഭാഷ

നം.ക്യൂ.ഐ.പി1/74600/14/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം തീയതി 09.12.2014

## സർക്കുലർ

വിഷയം: പൊ.വി-2014-15 അദ്ധ്യയന വർഷത്തെ രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം- സംബന്ധിച്ച്

സൂചന: സർക്കുലർ തീയതി 21.11.2014.

മേൽ സൂചന പ്രകാരം 2014-15 അദ്ധ്യയന വർഷത്തിലെ രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം സംബന്ധിച്ച വിശദമായ ടൈംടേബിളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയിരുന്നു. അതിൻപ്രകാരം എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ആവശ്യമായ ചോദ്യപേപ്പറുകൾ ഗവൺമെന്റ് പ്രസ്സുകളിൽ നിന്നും ഏറ്റെടുത്ത് അടിയന്തിരമായി വിതരണം ചെയ്തു തീർക്കേണ്ടതാണ്. ഏതെങ്കിലും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ചോദ്യപേപ്പറുകളുടെ വിതരണം പൂർത്തികരിച്ചില്ലെങ്കിൽ എത്രയുംവേഗം പൂർത്തീകരിക്കേണ്ടണതാണ്.

കൂടാതെ മുസ്ലിം കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളിലും ടൈംടേബിൾ പ്രകാരം വെള്ളിയാഴ്ചയും പരീക്ഷ നടത്തേണ്ടതും പകരം ശനിയാഴ്ച അവധി നൽകേണ്ടതുമാണ്.

പരീക്ഷകൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനാവശ്യമായ മുഴുവൻ ക്രമീകരണവും പൂർത്തിയാക്കിയെന്ന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

PRASANNA KUMARI KAVULLAPURAYIL
Deputy Director of Education (QIP)
Directorate of Public Instruction
Thiruvananthapuram- 14

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

Sls/9/12/14